ISSUE: 144 www.keralacartoonacademy.com KCA weekly E-news bulletin ● Dated 14-09-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

## ടൂൺ ക്രാഫ്റ്റ് സീസൺ 3

**കേരള** കാർട്ടൂൺ അക്കാദമി അംഗങ്ങൾക്ക് മാത്രമായി രണ്ടുദിവസത്തെ കാർട്ടൂൺ ക്യാമ്പിലേയ്ക്കുള്ള 40 അംഗങ്ങളുടെ പേരുകൾ പ്രഖ്യാപിച്ചു. 2026 ഒക്ടോബർ 10, 11 തീയതികളിൽ കണ്ണൂർ പാംഗ്രോവ് ഹെറിട്ടേജ് റിസോട്ടിലാണ് ക്യാമ്പ് നടക്കുന്നത്. ക്യാമ്പ് ഡയറക്ടർ കേരള കാർട്ടൂൺ അക്കാദമി വൈസ് ചെയർമാൻ കെ.വി.എം. ഉണ്ണിയും, ക്യാമ്പ് കോഡിനേറ്റർ അക്കാദമി നിർവാഹക സമിതി അംഗം കാർട്ടൂണിസ്റ്റ് സുരേന്ദ്രൻ വാരച്ചാലുമാണ്. താഴെ പറയുന്ന 40 പേരാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.



1. അജയകുമാർ എം, 2. അനിൽ വേഗ, 3. അനൂപ് രാധാകൃഷ്ണൻ, 4. അനുരാജ് കെ ആർ, 5. അൻവർ സാദത്ത്, 6. അരവിന്ദ് പയ്യന്നൂർ, 7. ബാലചന്ദ്രൻ ഇടുക്കി, 8. ബിനീഷ് പി ജോസ്, 9. ദിനേശ് ഡാലി, 10. ദിനരാജ്, 11. ഗിരീഷ് മക്രേരി, 12. ഗിരീഷ് പിള്ള, 13. ഹരീഷ് മോഹൻ, 14. ഹരിദാസ് ബാലകൃഷ്ണൻ, 15. ജെ പി നിർമ്മലഗിരി, 16. ജയരാജ് ടി ജി, 17. ജയരാജ് വെള്ളൂർ, 18. ജോഷി ജോസ്, 19. കെവിഎം ഉണ്ണി, 20. മധൂസ്, 21. നൗഷാദ് അലി, 22. നൗഷാദ് പി യു, 23. നവീൻ വട്ടപ്പാറ, 24. പീറ്റർ ഇ.പി, 25. പ്രദീപ് ഗായത്രി, 26. പ്രമോദ് തൃത്തല്ലൂർ, 27. പ്രസന്നൻ ആനിക്കാട്, 28. പ്രതാപൻ പുളിമാത്ത്, 29. രാജൻ ആറന്മുള, 30. രഞ്ജിത്ത് തീക്കോയിൽ, 31. രതിഷ് കെ ആർ, 32. സജീവ് ശൂരനാട്, 33. സന്തോഷ് ടി എസ്, 34. സതീഷ് എ, 35. ഷാജി പാംപ്ല, 36. സുഭാഷ് കെ കെ, 37. സുരേന്ദ്രൻ വരച്ചാൽ, 38. ഉണ്ണികൃഷ്ണൻ കെ, 39. വാമനപുരം മണി, 40. വിനു എസ്. ●

## കാർട്ടൂണുകൾ ചിരിയുടെ വരകൾ: കേരളവും അതിനപ്പുറവും



**കേരള** കാർട്ടൂൺ അക്കാദമിയുടെ അഭ്യർത്ഥന പ്രകാരം നിയുക്ത കൊച്ചി മെട്രോയുടെ പിങ്ക് ലൈനിലെ ആദ്യ സ്റ്റേഷനായ പാലാരിവട്ടം ജംഗ്ഷനിലെ സ്റ്റേഷനിലെ പ്രമേയം കാർട്ടൂണാണ്. കൊച്ചി മെട്രോയുടെ നിർദ്ദിഷ്ട കാക്കനാട് പിങ്ക് ലൈനിലെ 11 സ്റ്റേഷനുകളിൽ, കേരളത്തിന്റെ പൈതൃകം, സംസ്കാരം, പാരമ്പര്യം എന്നിവ ആഘോഷിക്കുന്ന 11 പ്രമേയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയഅന്തർദേശീയ തലത്തിൽ ശ്രദ്ധേയരായ നിരവധി കാർട്ടൂണിസ്റ്റുകൾക്ക് ജന്മം നൽകിയ നാടാണ് കേരളം എന്നതിനാൽ, 'കാർട്ടൂണുകൾ

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

ചിരിയുടെ വരകൾ: കേരളവും അതിനപ്പുറവും' (Cartoons Lines of Laughter: Keralam and Beyond) എന്നതായിരിക്കും പ്രമേയം. കേരള കാർട്ടൂൺ അക്കാദമിയുടെ അഭ്യർത്ഥന പ്രാവർത്തികമാക്കാൻ പിന്തുണ നൽകിയ വിരമിച്ച കൊച്ചി മെട്രോ എം.ഡി. ലോക്നാഥ് ബഹറയ്ക്കും, ഗോകുൽ ഗോപാലകൃഷ്ണനും നന്ദി. ●


## ടി. വി. കൃഷ്ണൻ അന്തരിച്ചു





**പയ്യന്നൂരിൽ** ഖസാക്കിൽ കാർട്ടൂണിസ്റ്റും അദ്ധ്യാപകനുമായ ടി. വി. കൃഷ്ണൻ അന്തരിച്ചു. കാസർഗോഡ് ജില്ലയിലെ വിവിധ ഹൈസ്കൂളുകളിൽ അദ്ധ്യാപകനായിരുന്ന ടി. വി. കൃഷ്ണൻ വയനാട്, കോഴിക്കോട്, കണ്ണൂർ ഡയറ്റുകളിലും പ്രവർത്തിച്ചിട്ടുണ്ട്. ദേശാഭിമാനി മാധ്യമം ചന്ദ്രിക തുടങ്ങിയ പത്രങ്ങളിൽ കാർട്ടൂണുകളും വിദ്യാഭ്യാസ സംബന്ധമായ ലേഖനങ്ങളും വിദ്യാഭ്യാസ വകുപ്പിന് വേണ്ടി നിരവധി പുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി വി കൃഷ്ണന്റെ നിര്യാണത്തിൽ കേരള കാർട്ടൂൺ അക്കാദമി ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●

## സ്വാതി ജയകുമാറിന്റെ അനിമേറ്റഡ് പെയിന്റിംഗുകൾ



**കേരള** കാർട്ടൂൺ അക്കാദമി അംഗം സ്വാതി ജയകുമാറിന്റെ നാല് പെയിന്റിംഗുകൾ വിംസിക്കൽ വിസ്പേഴ്സ് തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സിൽ സംഘടിപ്പിച്ച ഗ്രൂപ്പ് പ്രദർശനത്തിൽ പ്രദർശിപ്പിച്ചിരുന്നു. മറ്റ് പെയിന്റിംഗുകളിൽ നിന്ന് വ്യത്യസ്ഥമായി അവിടെ പ്രദർശിപ്പിച്ച ക്യൂആർ കോഡ് വഴി പെയിന്റിംഗുകൾ എ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് അനിമേറ്റ് ചെയ്തത് കാഴ്ച്ചക്കാർക്ക് കാണുവാൻ സാധിക്കും.

തനിക്ക് ഇതിനെ കുറിച്ച്  കൂടുതൽ ധാരണ കിട്ടിയത് കേരള കാർട്ടൂൺ അക്കാദമി കോവളത്ത് നടത്തിയ ടൂൺ ക്രാഫ്റ്റ് സീസൺ ഒന്ന് ക്യാമ്പിൽ നിന്നായിരുന്നു എന്ന് സ്വാതി ജയകുമാർ പറഞ്ഞു. ●

## പുസ്തക പരിചയം




# പ്രേമലേഖനം (ഗ്രാഫിക്ക് നോവൽ)

വൈക്കം മുഹമ്മദ് ബഷീർ, കെ. പി. മുരളീധരൻ
പ്രസാധകർ: ഡി.സി. ബുക്സ്

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ മധുര സുന്ദരമായ കഥയാണ് പ്രേമലേഖനം. ഈ പ്രേമകഥയുടെ ഗ്രാഫിക് രൂപാന്തരം ബഷീർ നർമ്മവും പ്രേമവും പടർന്നു കിടക്കുന്ന ചിത്രീകരണം നടത്തിയിരിക്കുന്നത് പ്രശസ്ത ചിത്രകാരനും കാർട്ടൂണിസ്റ്റുമായ കെ പി മുരളീധരനാണ്. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ ഗ്രാഫിക് നോവൽ വളരെ രസകരമായി നമുക്ക് അനുഭവിച്ചറിയാൻ പറ്റുന്ന ഒരു പുസ്തകമാണ്.

ഗ്രാഫിക് കഥകളും നോവലുകളും ഇന്നത്തെ സമൂഹത്തിന് അപരിചിതമായ ഒന്നല്ല. അരവിന്ദന്റെ ചെറിയമനുഷ്യരും വലിയലോകവും പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി. ഉണ്ണിയുടെ ഗ്രാഫിക് നോവലുകളും മലയാളി കണ്ടും വായിച്ചും അനുഭവിച്ചവയാണ്.

ആശയവിനിമയത്തിൽ ദൃശ്യങ്ങൾക്കാണ് പുതിയകാലത്ത് പ്രധാന്യം. സന്തോഷവും സങ്കടവുമെല്ലാം നാം ചിത്രങ്ങളിലൂടെ പ്രകാശിപ്പിക്കുന്നു. ഈ പ്രവണത പുസ്തക ലോകത്തേക്കും വേഗം പടരുകയാണ്. സമകാലിക സാഹിത്യത്തിലെ വിശിഷ്ടകൃതികളായ പൗലോ കൊയ്‌ലോയുടെ ആൽക്കെമിസ്റ്റും ഖാലിദ് ഖുസൈനിയുടെ പട്ടം പറത്തുന്നവരും ഗ്രാഫിക് നോവലായി പുനരവതരിച്ചത് ഈ മാറ്റത്തിന്റെ ഭാഗമെന്ന് വിശേഷിപ്പിക്കാവു ന്നതാണ്.

ലോകമാകെ സംഭവിക്കുന്ന സർഗാത്മകമായ ഈ പരിണാമത്തെ മലയാളത്തിലും അവതരിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ഡി സി ബുക്സ് ഗ്രാഫിക് നോവലുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചിര പ്രതിഷ്ഠരായ എഴുത്തുകാരുടെ ദൃശ്യസാധ്യതയുള്ള ശ്രദ്ധേയ നോവലുകളും കഥകളുമാണ് ഗ്രാഫിക് രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയത്. വാക്കുകൾക്ക് തുല്യമായ പ്രധാന്യം വരകൾക്കുമുള്ളതിനാൽ കേരളത്തിലെ പ്രശസ്തരായ യുവചിത്ര കാരന്മാരുടെ പിന്തുണയോടെയാണ് ഡി സി ബുക്സ് ഗ്രാഫിക് നോവലുകളുടെ മേഖലയിലേക്ക് പ്രവേശിക്കുന്നത്.

1942 ൽ രാജ്യദ്രോഹക്കുറ്റത്തിന് കഠിനശിക്ഷയനുഭവിക്കുന്ന കാലത്ത് ബഷീർ തിരുവനന്തപുരം സെൻട്രൽ ജയിലിൽവെച്ച് എഴുതിയതാണ് പ്രേമലേഖനം. കഥകൾ കേൾക്കാൻ ആഗ്രഹിച്ച തടവുപുള്ളികൾക്കുവേണ്ടിയായിരുന്നു പിന്നീട് കാലം ഹൃദയത്തോടു ചേർത്തുവെച്ച ആ പ്രേമകഥ ബഷീർ എഴുതിയത്. പിൽക്കാലത്ത് അരങ്ങിലുൾപ്പെടെ പ്രേമലേഖനത്തിന് നിരവധി ഭാഷ്യങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ ഗ്രാഫിക് നോവലുമാകുന്നു. കേരളീയ വായനാസമൂഹത്തിനു ഈ രചന ഒരു പുതിയ ദൃശ്യ വായനാനുഭവം പകരുമെന്നതിൽ സംശയമില്ല. ●





ഗ്രീൻ ബുക്ക്സ് പ്രസിദ്ധീകരിച്ച

**കാർട്ടൂണിസ്റ്റ്**

●തിരുവനന്തപുരം ●തൃശ്ശൂർ ●കോഴിക്കോട് എന്നിവിടങ്ങിലുള്ള ഗ്രീൻ ബുക്സിൽ നിന്നോ, എറണാകുളം പ്രസ്സ് ക്ലബ്ബ് റോഡിലെ CICC ബുക്ക്സിലോ ഗ്രീൻബുക്ക്സ്, ആമസോൺ എന്നീ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയോ പുസ്തകം വാങ്ങാം